"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ്- വനം വകുപ്പിൽ നിന്നും അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റായി വിരമിച്ച ശ്രീ. കെ. സാംജിക്ക്, സീനിയർ സൂപ്രണ്ട്, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികകളിൽ നോഷണൽ പ്രൊമോഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (എഫ്) വകുപ്പ്

G.O.(Rt)No.376/2019/F&WLD തീയതി,തിരുവനന്തപുരം, 20/09/2019

പരാമർശം:- 1 30.06.2014-ലെ ജി.ഒ.(ആർ.റ്റി).നം.297/14/വനം നം. ഉത്തരവ് .

2 ശ്രീ. കെ സാംജി 23.03.2017-ൽ സമർപ്പിച്ച നിവേദനം.

3 ഭരണവിഭാഗം ഉപമുഖ്യവനപാലകന്റെ 14.09.2018, 21.12.2018 എന്നീ തീയതികളിലെ ഡി3-17615/17 നമ്പർ കത്ത്.

ഉത്തരവ്

വനം വകുപ്പിൽ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിൽ 30.06.2014-ന് സർവ്വീസിൽ നിന്നും വിരമിച്ച ശ്രീ.സാംജിക്ക് ബഹു.ട്രിബ്യൂണലിന്റെ റ്റി.എ.3008/12 നമ്പർ കേസിലെ 04.04.2014- വിധി പ്രകാരമുള്ള പുതുക്കിയ സീനിയോരിറ്റി ലിസ്റ്റ് പ്രകാരമുള്ള പ്രൊമോഷനും പെൻഷൻ ആനുകൂല്യങ്ങളും, ടി കേസിലെ മറ്റ് കക്ഷിക്കും, തന്റെ ജൂനിയറിനും നൽകിയിട്ടും, നാളിതുവരെ തനിക്ക് ലഭ്യമായിട്ടില്ലായെന്നും, ആയതിനാൽ അർഹമായ പ്രൊമോഷൻ മുൻകാല പ്രാബല്യത്തോടെ നൽകണമെന്നും പരാമർശം (2) പ്രകാരമുള്ള നിവേദനത്തിൽ ടിയാൾ ആവശ്യപ്പെട്ടിരുന്നു.

2). അന്തർജില്ലാ സ്ഥലം മാറ്റം നൽകിയത് കാരണം ക്ലാർക്ക് തസ്തികയിലെ സീനിയോരിറ്റി നഷ്ടപ്പെട്ട എതാനും ജീവനക്കാർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത റ്റിഎ.3008/12 നമ്പർ കേസിലെ 04.04.2014-ലെ വിധിയുടെ അടിസ്ഥാനത്തിൽ കക്ഷികളായ ശ്രീ.ഇ.എസ്.രാമചന്ദ്രൻ, ശ്രീ.കെ.സാംജി, ശ്രീ.എസ്.മുകുന്ദകുമാർ എന്നിവർക്ക് ഭരണവിഭാഗം ഉപമുഖ്യവനപാലകന്റെ 25.06.2014-ലെ ഇ5-6930/05 നമ്പർ ഉത്തരവ് പ്രകാരം ഇവരുടെ സീനിയർ സൂപ്രണ്ട് തസ്തിക വരെയുള്ള സീനിയോരിറ്റി പുനർനിർണ്ണയിച്ച് നൽകുകയും, ഇതിന്റെ അടിസ്ഥാനത്തിൽ ശ്രീ.ഇ.എസ്.രാമചന്ദ്രൻ, ശ്രീ.എസ്.മുകുന്ദകുമാർ എന്നിവർക്ക് മറ്റ് സർവ്വീസ് ആനുകൂല്യങ്ങളും അനുവദിച്ച നൽകുകയും ചെയ്തിരുന്നു. എന്നാൽ പരാമർശം (1) പ്രകാരം അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റായി ഉദ്യോഗക്കയറ്റം ലഭിക്കുകയും 30.06.2014-ന് സർവ്വീസിൽ നിന്നും വിരമിക്കുകയും ചെയ്ത ശ്രീ.കെ സാംജിക്ക് ഈ ആനുകൂല്യങ്ങൾ ലഭിച്ചിരുന്നില്ല. ടിയാന്റെ തൊട്ട് ജൂനിയറിന് സീനിയർ സൂപ്രണ്ട്, അഡ്മിനിസ്ട്രേറ്റീവ്

അസിസ്റ്റന്റ് തസ്തികകളിലേക്ക് പ്രൊമോഷൻ ലഭിച്ച തീയതി മുതൽ നോഷണൽ പ്രൊമോഷൻ അനുവദിച്ച് നൽകുന്ന കാര്യത്തിൽ സർക്കാർ തലത്തിൽ ഉചിതമായ തീരുമാനമെടുക്കണമെന്ന് ഭരണവിഭാഗം ഉപമുഖ്യവനപാലകൻ പരാമർശം (3) പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി.

3). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 04.04.2014- വിധി പ്രകാരം 01.01.2008 കണക്കാക്കിയുള്ള ജൂനിയർ സൂപ്രണ്ടുമാരുടെ പുതുക്കിയ സീനിയോരിറ്റി ലിസ്റ്റിൽ ക്രമനമ്പർ 43 ശ്രീ കെ.പി ശശിധരൻ പിള്ളക്കും ക്രമനമ്പർ 44 ശ്രീമതി.എ വി ബാലാമണിക്കും മദ്ധ്യേ 43 (എ) ആയിട്ട് ശ്രീ.സാംജിക്ക് സീനിയോരിറ്റി അനുവദിച്ചിരുന്നത്. 44, 45 ക്രമനമ്പരുകളായി ചേർത്തിരുന്ന ശ്രീമതി ബാലാമണി, ശ്രീ.ഹസൈൻ കെ എന്നിവർ സീനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം ലഭിക്കാതെ യഥാക്രമം 30.09.2009 ,31.12.2009 എന്നീ തീയതികളിൽ സർവ്വീസിൽ നിന്നും വിരമിച്ചിരുന്നു. ടി സാഹചര്യത്തിൽ , പ്രസ്തുത സീനിയോരിറ്റി ലിസ്റ്റിൽ ടിയാളുടെ തൊട്ടടുത്ത ജൂനിയറായ ശ്രീ എ ഷാജഹാന് സീനിയർ സൂപ്രണ്ട്, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികകളിലേക്ക് പ്രൊമോഷൻ ലഭിച്ച തീയതി മുതൽ ടിയാന് പ്രൊമോഷൻ ലഭിക്കുന്നതിന് അർഹതയുണ്ട്.

4). മേൽ സാഹചര്യത്തിൽ, 30.06.2014-ൽ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റായി വിരമിച്ച ശ്രീ.കെ.സാംജിക്ക് , ടിയാന്റെ തൊട്ട് ജൂനിയർ ആയ ശ്രീ.എ ഷാജഹാൻ സീനിയർ സൂപ്രണ്ട്, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിൽ ചാർജെടുത്ത തീയതിയായ 20/06/2011, 17/10/2013 തീയതി പ്രാബല്യത്തിൽ, ശമ്പളത്തിന്റെയും, ബത്തകളുടെയും മുൻകാല കുടിശ്ശികക്ക് അർഹതയില്ലായെന്ന വ്യവസ്ഥയിൽ, സീനിയർ സൂപ്രണ്ട്, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികകളിലേയ്ക്ക് മുൻകാല പ്രാബല്യത്തിൽ നോഷണൽ പ്രൊമോഷൻ നൽകി ഇതിനാൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത നോഷണൽ പേയുടെ അടിസ്ഥാനത്തിൽ ശ്രീ.കെ.സാംജിക്ക് തന്റെ പെൻഷൻ ആനുകൂല്യങ്ങൾ പുനർനിർണ്ണയിച്ച് നൽകുന്നതിനുള്ള നടപടികൾ ഭരണവിഭാഗം ഉപമുഖ്യവനപാലകൻ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEELA.M
UNDER SECRETARY

ഉപമുഖ്യവനപാലകൻ (ഭരണം), തിരുവനന്തപുരം.

ശ്രീ.കെ.സാംജി, പൂർണ്ണിമ, കാരാപ്പുഴ, കോട്ടയം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള,തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ),കേരള ,തിരുവനന്തപുരം.

വെബ്ബ് & ന്യൂ മീഡിയ.

വനം വന്യജീവി (പി എസ്) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SAJEEVAN M K
Date: 2019.09.20 12:12:31 IST
Reason: Approved

സെക്ഷൻ ഓഫീസർ